## കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃ സംരക്ഷണ നിയമം സാധാ[illegible]നിയമം — വില 2 രൂപ
2. വനിതകളും ഉപഭോക്തൃസംരക്ഷണനിയമവും — വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? — വില 5 രൂപ
4. പോലീസും ജനങ്ങളും — വില 5 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം — വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ. — വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ — വില 5 രൂപ
8. ബസ്സും ഉപഭോക്താവും — വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993ലെ ഭേദഗതികൾ ഉൾപ്പെടെ — വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? — വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ. — വില 2 രൂപ
12. ഉപഭോക്തൃസംരക്ഷണ സമിതിയുടെ രൂപീകരണവും പ്രസക്തിയും — വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും. — വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) — വില 3 രൂപ
15. ജലമോഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? — വില 5 രൂപ
16. ലഹരിയും ഉപഭോക്താവും — വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും — വില 5 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും — വില 5 രൂപ
20. ഉണരൂ സമയമായി — വില 1 രൂപ
21. ഇതാ നമ്മൾ രാജാക്കൻമാർ — വില 1 രൂപ
22. കർഫ്യൂ (നിയമം കുട്ടികൾക്ക്) — വില 3 രൂപ
23. അറസ്റ്റ് - നിങ്ങളുടെ അവകാശങ്ങൾ — വില 5 രൂപ
24. എയ്ഡ്സ് — വില 5 രൂപ
25. പഞ്ചായത്തിരാജും - ഉപഭോക്താവും — വില 5 രൂപ
26. ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) — വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 20 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും — വില 5 രൂപ
29. പൊതു താൽപര്യ വ്യവഹാരം — വില 15 രൂപ
30. സമ്മാനം (ഉപഭോക്തൃ സംരക്ഷണ പ്രവർത്തകർക്കുള്ള ഗൈഡ്) — വില 60 രൂപ
31. മാർച്ച് 15 — വില 5 രൂപ
32. റോഡപകടങ്ങൾ - നിങ്ങൾ എന്തു ചെയ്യണം? — വില 2 രൂപ
33. ഡിസംബർ 26 — വില 5 രൂപ
34. മനുഷ്യാവകാശം — വില 5 രൂപ
35. തയ്യൽ തൊഴിലാളികളും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 5 രൂപ
36. അപകടം — വില 3 രൂപ
37. [illegible] — വില 3 രൂപ
38. മോചനം — വില 2 രൂപ

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക് :

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ, പായം 670 704

# അമ്മിഞ്ഞപ്പാൽ

# അമൃത്


എം. വി. മാത്യു.

ഞങ്ങളുടെ പുതിയ വിലാസം:
നോസർ ഇന്ത്യ
നോസർ ഗ്രാമം
പി. ഒ. കാങ്കോൽ-670 337
കണ്ണൂർ ജില്ല.
☎ 9847240100
9847866566
98471865[illegible]




മുലയൂട്ടുന്നത് അമ്മയുടെ ധർമ്മവും കുഞ്ഞിന്റെ അവകാശവുമാണ്.


ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി
നോസർ-ഇന്ത്യാ 670 704 പ്രസിദ്ധീകരിക്കുന്നു.

# AMMINJAPAL AMRUTH

*(Mother's Milk is Amruth)*

*Name of Author*

**M.V. MATHEW**

Published on 20-4-97

*Copies 2000 Nos.*

Reprinted 7-7-98

*Copies 2000 Nos*

Published by :

**NOCER - INDIA**

Payam P.O. 670 704

Distributed by :

**Consumer News Book Club**

Payam P.O. 670 704

Printed at :-

**Sammanam Printers & Publishers**

Edoor, Payam P.O. 670 704

No. of copies reprinted : 10,000

NOT FOR SALE

UNICEF, Chennai, 1998






പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,

കരയുന്ന കുഞ്ഞിനെ നമ്മൾ കണ്ടിട്ട് പലപ്പോഴും നമ്മൾ കാരണം തിരക്കാറുണ്ട്. അമ്മയുടെ കൈയിൽ ആണെങ്കിൽ കുട്ടി വിശന്നിട്ടാവും. ഭക്ഷണം നൽകുവാൻ നമ്മൾ ആവശ്യപ്പെടും.

ഗർഭപാത്രത്തിൽ വെച്ച് പെൺകുട്ടിയാണെങ്കിൽ അപ്പോൾതന്നെ കൊന്നുകളയുന്ന പിറന്നുവീഴുന്ന കുഞ്ഞ് പെൺകുട്ടിയാണെങ്കിൽ കൊല്ലുന്ന ആധുനികയുഗത്തിലാണ് നാം. അപ്പോഴൊന്നും നമ്മൾ കരയുന്ന കുഞ്ഞിനെ കാണുന്നില്ല. അവരെ നമ്മുടെ സ്വന്തം നിലനിൽപ്പാണ് നാം കാണുന്നത്. കുഞ്ഞിന്റെ ജീവിക്കുവാനുള്ള അവകാശം നമ്മുടെ ഭരണഘടന നൽകിയിട്ടുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ നമ്മൾ മടിക്കുന്നു. നമ്മൾ സ്വാർത്ഥരാകുന്നു.

ലോകത്തിന്റെ ഭീകരത അറിയാതെ ലോകത്തിലേക്ക് ജനിച്ചുവീഴുന്ന കുഞ്ഞിന് മുലയൂട്ടുവാൻ ഓരോ അമ്മയ്ക്കും കടമയുണ്ട്. മുലപ്പാൽ ലഭിക്കുക എന്നത് കുഞ്ഞിന്റെ അവകാശവുമാണ്. പക്ഷെ ഈ പരിപാവനമായ കടമ പുതിയ ലോകത്തിന്റെ കാഴ്ചപ്പാടിൽ സൗന്ദര്യം നഷ്ടപ്പെടും. അസൗകര്യമാണെന്നതിന്റെ പേരിൽ മുലയൂട്ടൽ നൽകാത്തവരല്ലെ നമ്മൾ.

കുഞ്ഞിനെ സംബന്ധിച്ച് ആറുമാസം വരെ മുലപ്പാലല്ലാതെ മറ്റുയാതൊരു ഭക്ഷണവും വേണ്ട എന്ന് ലോക ആരോഗ്യസംഘടനയും ഈ വിഷയത്തിൽ പ്രഗത്ഭരായവരും പറയുന്നു. നമ്മുടെ രാജ്യത്ത് നാലുമാസം വരെ മുലയൂട്ടൽ നിർബന്ധമായും നിയമം വഴി അറിയിക്കുന്നു.

പക്ഷെ നമ്മളിൽ പലരും 'ശിശു ആഹാര' ത്തിന്റെ പിന്നാലെ പരക്കം പായുകയാണ്. ഇതിന്റെ ഫലമായി കുഞ്ഞിന്റെ മുലപ്പാൽ കുടിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. നമ്മുടെ രാജ്യത്ത് പതിനായിരക്കണക്കിന് കുഞ്ഞുമക്കൾ വയറിളക്കവും മറ്റ് അനുബന്ധ രോഗങ്ങളും മൂലം മരിക്കുന്നു.

യഥാർത്ഥ കാരണം മനസിലാക്കൂ, ആറുമാസം വരെ എന്റെ കുഞ്ഞിന് മുലപ്പാലും അതിനു ശേഷം എന്റെ വീട്ടിലുണ്ടാക്കുന്ന പോഷകാഹാരവും മാത്രമേ നൽകൂ എന്ന് പ്രതിജ്ഞയെടുക്കൂ. ലോകത്ത് പിറന്നുവീണു അവകാശം സംരക്ഷിക്കപ്പെടാൻ കഴിയാതെ മൺമറഞ്ഞ കുഞ്ഞുമക്കൾക്കായി ഈ പുസ്തകം സമർപ്പിക്കുന്നു.

നന്ദിയോടെ എം. പി. മാത്യു.

## നോസർ - ഇന്ത്യ

1992 മാർച്ച് 18ന് ആരംഭിച്ചു

1993 സെപ്റ്റംബർ 29ന് രജിസ്റ്റർ ചെയ്തു

ഇന്ത്യയുടെ എല്ലാഭാഗത്തും പ്രവർത്തിക്കുന്നു.

കൺസ്യൂമർ വനിതക്ലബ്ബ്

കൺസ്യൂമർ യൂത്ത് ക്ലബ്ബ്

കൺസ്യൂമർ സ്റ്റുഡന്റ്സ് സെന്റർ

ലീഗൽ എഡ്യൂക്കേഷൻ കമ്മറ്റികൾ

ഉപഭോക്തൃസമിതികൾ

എന്നിങ്ങനെ സംഘടിച്ചു പ്രവർത്തിക്കുന്നു.

മനുഷ്യാവകാശ സംരക്ഷണത്തിന് 'ഹ്യൂമൻറൈറ്റ്സ് സെൽ' സെമിനാറുകൾ, ക്ലാസുകൾ, നീതിമേളകൾ, കൺസ്യൂമർ സെന്ററുകൾ, ഫാമിലി കൗൺസിലിംഗ് ഇന്ത്യയുടെ ഏതു ഭാഗത്തും ഉപഭോക്തൃ സംരക്ഷണം, മനുഷ്യാവകാശം, നിയമപരമായ എന്തെങ്കിലും വിവരങ്ങൾ ഉണ്ടായാൽ - വാർത്തകൾ, സംഭവങ്ങൾ - സെമിനാറുകൾ - പരസ്പരം അറിയിക്കുവാൻ Consume INFORMATION Exchange CELLS.

രാഷ്ട്രീയ, കക്ഷി, ജാതി, മത വർഗ ബന്ധമില്ലാത്ത സ്വതന്ത്ര സംഘടന.

പരാതികൾ രമ്യമായി പരിഹരിക്കുവാൻ
**Consumer Advice & Complaints Bureau**

നിങ്ങളുടെ ഗ്രാമത്തിലും - പട്ടണത്തിലും ഓരോ കൊച്ചുസ്ഥലത്തും ഓരോ യൂണിറ്റ് രൂപീകരിക്കൂ.

**1997-98 ലെ പ്രവർത്തനം**

മനുഷ്യാവകാശം-മുലയൂട്ടൽ കുഞ്ഞിന്റെ അവകാശം അമ്മയുടെ കടമ

പൗരാവകാശം - റോഡപകടം എന്റെ കടമ

*കൂടുതൽ വിവരങ്ങൾക്ക്*

NOCER - INDIA

PAYAM, KERALA 670704

PHONE : 0490-491475




# 1

ഡോക്ടർ രാജ് ആനന്ദ് കുട്ടികളുടെ ഡോക്ടറാണ്. അദ്ദേഹവും ഭാര്യയും, മക്കളും കേരളത്തിൽനിന്നും മുംബെയിലേക്ക് ട്രെയിനിൽ യാത്രചെയ്യുന്നു. രാജ് ആനന്ദിന്റെ മകന്റെ രണ്ട് മാസം പ്രായമുള്ള കുട്ടിയും കൂട്ടത്തിലുണ്ട്.

അവരുടെ ഒപ്പം യുവദമ്പതികളും യാത്രചെയ്യുന്നു. സംസാര മദ്ധ്യേ ദുബായിൽ ജോലി ആണെന്നും പ്രസവിച്ചിട്ട് അറുപതു ദിവസം ആയുള്ളു എന്നും വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ പോകുകയാണെന്നും യുവതി പറഞ്ഞു.

കുറച്ച് ദൂരം ട്രെയിൻ നീങ്ങിയപ്പോൾ ഡോക്ടർ രാജ്ആനന്ദിന്റെ മകന്റെ കുട്ടി കരയുവാൻ തുടങ്ങി. കുട്ടിയെ അമ്മയെടുത്ത് മുലയൂട്ടാൻ തുടങ്ങി. കുട്ടിയുടെ കരച്ചിൽ അവസാനിച്ചു. മാത്രമല്ല കുട്ടിയും അമ്മയും ഒരു പുതിയ അനുഭൂതിയിലായിരുന്നു.

ബാത്ത്റൂമിലേക്ക് പോയ യുവതി കരഞ്ഞുകലങ്ങിയ കണ്ണുമായി ആണ് തിരിച്ചെത്തിയത്. അവൾ യുവാവിനെ വിളിച്ച് വാതിലിനരികിൽ പോയിനിന്ന് സംസാരിച്ചു. യുവതി കരഞ്ഞു കൊണ്ടിരിക്കുന്നു. യുവാവിന് ഭാവവ്യത്യാസമില്ല.

ഡോക്ടർ രാജ്ആനന്ദിന്റെ ഭാര്യ വിവരം അന്വേഷിച്ചു എന്തുസംഭവിച്ചു. വയറുവേദനയോ മറ്റ് അസുഖമെന്തെങ്കിലുമാണെങ്കിൽ പറയുവാൻ മടിയാണെങ്കിൽ പറയുവാൻ മടിക്കണ്ട. ഡോക്ടർ ആണ് ഭർത്താവ്. അത്യാവശ്യം മരുന്നും കൈയ്യിലുണ്ട്.

യുവതി വിവരങ്ങൾ പറഞ്ഞു. മോന് അറുപത് ദിവസമേ പ്രായമായുള്ളു. കുഞ്ഞുകുട്ടി വിശന്നപ്പോൾ-കരഞ്ഞപ്പോൾ മുലയൂട്ടിയപ്പോൾ-അതു കണ്ടപ്പോൾ എന്റെ മോന്റെ അവസ്ഥ ഞാൻ ചിന്തിക്കുകയായിരുന്നു. അവൻ കരയുമ്പോൾ മുലയൂട്ടുവാൻ ആരും ഇല്ല. അവന്റെ സ്നേഹം ലഭിക്കുവാൻ ആരും ഇല്ലല്ലോ എന്ന ചിന്തയാണ് തന്നെ വിഷമിപ്പിക്കുന്നത്.

തുടർന്നുള്ള സാഹചര്യങ്ങളിൽ ജീവിക്കുവാൻ സാമ്പത്തിക സ്ഥിതിയുണ്ട്. ആറുമാസം കഴിഞ്ഞ് ജോലിക്ക് പോയാലും പ്രശ്നമില്ല. എന്നിട്ടും വീട്ടുകാരുടെ നിർബന്ധം, പണം സമ്പാദിക്കാനുള്ള ആഗ്രഹം ആണ് മോനെ വിട്ടിട്ട് പോകാനുള്ള തീരുമാനം എടുത്തതെന്ന് യുവതി പറഞ്ഞു.

മുംബെയിലെത്തി ട്രെയിനിറങ്ങുന്നതിനു മുമ്പ് ഡോക്ടർ രാജ്ആനന്ദിന്റെ ഭാര്യയുമായി കൂടുതലായി സംസാരിച്ച് സ്നേഹത്തിലായ യുവതി അഡ്രസും ഫോൺ നമ്പറും വാങ്ങി.

പിറ്റേദിവസം രാവിലെ കേരളത്തിൽനിന്നും വന്ന ഫോൺ കോൾ ശ്രവിച്ചശേഷം ഭാര്യ ഡോക്ടർ രാജ്ആനന്ദിനോട് പറഞ്ഞു. ഇന്നലെ നമ്മൾ കണ്ട യുവതിയാണ്. അവൾ മോന്റെ അടുത്ത് എത്തി അവനെ മുലയൂട്ടിയ ശേഷം വിളിച്ചതാണ്. മുംബെയിൽനിന്ന് വിമാനത്തിനാണ് കേരളത്തിലേക്ക് പോയത്. ഇനി കുഞ്ഞിനെവിട്ട് എവിടേക്കും ഇല്ലെന്നാണ് യുവതി പറഞ്ഞതെന്നും അറിയിച്ചു.

എന്താണ് ഈ വികാരം? നമ്മുടെ നാട്ടിൽ അമ്മയുടെ സ്നേഹം ലഭിക്കാതെ, അമ്മിഞ്ഞപ്പാൽ ലഭിക്കാതെ എത്ര കുട്ടികൾ വേദനിക്കുന്നു. ആറു മാസംവരെ എങ്കിലും കുഞ്ഞിന്റെ അവകാശം സംരക്ഷിക്കുവാൻ നമുക്കു കടമയില്ലേ?

## II

അയ്യോ-രണ്ടുദിവസം കഴിയാതെ കുട്ടിക്ക് മുലപ്പാൽ കൊടുക്കുകയോ? പ്രായമായ സരളയുടെ ചോദ്യം.

"അതിനെന്താ ഞാൻ പ്രസവിച്ച് അരമണിക്കൂർ കഴിഞ്ഞപ്പോൾ കുഞ്ഞിന് പാലുകൊടുക്കാൻ തുടങ്ങി" രജനി മറുപടി പറഞ്ഞു.

'ശ്ശോ, പശുവിന്റെ പാലു പോലും കുടിക്കുന്നില്ല. പിന്നെയാ മുലയിലുള്ള അഴുക്കുകളെല്ലാം കെട്ടിക്കിടക്കുകയാ. പിന്നീടത് കുട്ടിക്കു വല്ല അസുഖവുമുണ്ടാക്കും' ശാന്ത പറഞ്ഞു.

'അയ്യോ ശാന്തേച്ചിക്ക് ആരാ ഈ അറിവൊക്കെ പറഞ്ഞുതന്നത്.' രജനി.

'കഴിഞ്ഞ കൊല്ലം ശാരദയുടെ കുട്ടിയുണ്ടായി മൂന്നാം ദിവസം മുതൽ ഛർദിയും ഒഴിച്ചിലും. ആദ്യം അൽപം പഞ്ചസാര വെള്ളം കൊടുത്തു. പിന്നെ മുലയിലെ പാലെല്ലാം പിഴിഞ്ഞു കളഞ്ഞ ശേഷമാണ് മുലപ്പാൽ കൊടുക്കാൻ തുടങ്ങിയത്'. ശാന്ത പറഞ്ഞു.



"അയ്യോ ചേച്ചി എന്തു മണ്ടത്തരമാണ് കാണിച്ചത്. മുലയിലെ ആദ്യം ഉണ്ടാകുന്ന പാലിന് കട്ടി കൂടുതലുണ്ടാകും. ഇതിന് കൊളസ്ട്രോം എന്നാണ് പറയുന്നത്. ഈ കൊളസ്ട്രോം ഒരു കുഞ്ഞിന് ലഭിക്കുന്ന മരുന്നും ആഹാരവുമാണ്. ഛർദി അതിസാരം, മറ്റസുഖങ്ങളിൽ നിന്നും കുട്ടിയെ സംരക്ഷിക്കുന്ന അതിപ്രധാനമായ പാലാണ് അമ്മയുടെ മുലയിൽ ആദ്യം ഉണ്ടാകുന്ന പാൽ. ഈ പാൽ കുടിച്ചാൽ മതി കുട്ടിക്ക് ഒരു ക്ഷീണവും ഉണ്ടാകത്തില്ല." രജനി പറഞ്ഞു.

"അയ്യോ ഈ വിവരമൊന്നും ഞങ്ങൾക്കറിയില്ലായിരുന്നല്ലോ. ഇന്ന് അധികം പേരും സൗന്ദര്യം നഷ്ടപ്പെടും എന്ന് പറഞ്ഞ് മുലയൂട്ടാൻ മടിക്കുകയാണ്." ക്ലാസേച്ചി

"എനിക്കും ഇതൊന്നും അറിയില്ലായിരുന്നു. എന്നാലും എന്റെ കുട്ടികൾക്ക് ഞാൻ മുലപ്പാൽ തന്നെയാ നൽകിയത്. അന്ന് ഇപ്പോഴത്തെ കുന്ത്രാണ്ടം - കുട്ടികളുടെ കുപ്പിപ്പാലൊന്നുമില്ലായിരുന്നു." ശാന്തേച്ചി.

"അന്ന് കുട്ടികളുടെ രോഗവും കുറവായിരുന്നു. ഇന്ന് കുട്ടികളുടെ ആസ്പത്രികൾ എന്തൊക്കെ-പേരിലാ. പട്ടണത്തിൽ പോയപ്പോൾ കണ്ടതാ." രമണി.

"എന്തായാലും ഞാൻ പോകുവാ. രജനി പറഞ്ഞത് നന്നായി മോളെ ഞാനെന്റെ മാലുവിനെ ഇങ്ങോട്ടു പറഞ്ഞു വിടാം. അവൾ കുട്ടിക്ക് കൊടുക്കേണ്ട ഏതാണ്ടൊക്കെ കൊണ്ടു വരണമെന്നും പറഞ്ഞ് ചെറുക്കന് എഴുതീട്ടുണ്ട്." ശാന്തേച്ചി പറഞ്ഞു.

"തീർച്ചയായും ശാന്തേച്ചി-മാലു എന്നോടും പറഞ്ഞിരുന്നു. അവളുടെ സൗന്ദര്യം നഷ്ടപ്പെടും. അതുകൊണ്ട് കുട്ടിക്ക് മുലപ്പാൽ കൊടുക്കില്ലെന്ന്. അയ്യോ ചേച്ചി! ഈ കുഞ്ഞ് മുലകുടിക്കുമ്പോഴുള്ള അവന്റെ ആ സ്നേഹം അതു വളരെ വലുതാണല്ലോ ചേച്ചി" രജനി പറഞ്ഞു.

"മോളെ പറഞ്ഞോ കാര്യമായി പറഞ്ഞോ **'കൊളസ്ട്രോം'** ആണ് ഏറ്റവും നല്ല മുലപ്പാലെന്നും അവളോട് പ്രത്യേകം പറയണേ, ഞങ്ങള് പിന്നീട് വരാം മോളെ." എല്ലാവരും അവരവരുടെ വീട്ടിലേക്ക് യാത്രയായി.

## III

രണ്ടു ദിവസമായി ഓമന ഓഫീസിൽ വരുന്നില്ല. 'ഓമനക്ക് അസുഖമായിരിക്കുമോ. നാലുമാസം പ്രായമായ കുട്ടിയുണ്ട് ഓമനക്ക്." സഹപ്രവർത്തകരായ ലില്ലിയും രാജിയും ഓമനയെ അന്വേഷിക്കുവാൻ വീട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു.

ഓമനയുടെ വീട്ടിലെത്തിയ അവൻ ഓമന കുട്ടിയുമായി ആസ്പത്രിയിലാണെന്ന് അറിഞ്ഞു. മുപ്പത് കി. മീ. അകലെയുള്ള ആസ്പത്രിയിലേക്ക് യാത്രചെയ്യുമ്പോൾ രാജിയുടെ മനസ്സിൽ മോളുടെ ചിന്തയായിരുന്നു.

ഹോസ്പിറ്റലിൽ ഓമനയുടെ കുട്ടിയെ കണ്ട രാജിയും ലില്ലിയും അമ്പരന്നുപോയി. ഗ്ലൂക്കോസ് കയറ്റിക്കൊണ്ടിരിക്കുന്ന തീർത്തും അവശയായ കുട്ടി. ഓമനയുടെ ഭർത്താവ് മോഹനനും അടുത്തുണ്ട്. രാജിയെ കണ്ട ഓമന പൊട്ടിക്കരഞ്ഞു.

'രാജി എന്റെ മോൾ'

"എന്തു സംഭവിച്ചു, അസുഖമുള്ള വിവരമൊന്നും നീ പറഞ്ഞില്ലല്ലോ" രാജി.

"പെട്ടന്നാണ് സംഭവിച്ചത്, കുട്ടി ഛർദ്ദിച്ചു. ഉടനെ വയറിളക്കവും ആരംഭിച്ചു. അപ്പോൾ തന്നെ അടുത്തുള്ള ആസ്പത്രിയിൽ കാണിച്ചു. ഉടനെ ഈ ആസ്പത്രിയിൽ എത്തിക്കാൻ പറഞ്ഞു ഇവിടെ എത്തി. ഇന്നാണ് മോളുടെ മുഖമൊന്ന് തെളിഞ്ഞത്". ഓമന പറഞ്ഞു.

"കുട്ടികൾക്കു് വയറിളക്കവും മറ്റസുഖങ്ങളും ഉണ്ടാകുന്നത് ശുചിയില്ലാത്ത ഭക്ഷണം നൽകുന്നതിലൂടെയാണ്" ലില്ലി പറഞ്ഞു.

"ഞാൻ ആദ്യമാസം മുതൽ 'ബേബി ഫുഡ്' ആണ് കൂടുതലായി കൊടുത്തത്, മുലപ്പാലത്ര കൊടുത്തില്ല. മോഹനനും ഒന്നും പറഞ്ഞില്ല."

"അയ്യോ.. നീ എന്തൊരു മണ്ടത്തരം ചെയ്തത്, പ്രസവിച്ച അന്നു മുതൽ മുലപ്പാൽ മതി ആറുമാസത്തേക്ക് കുട്ടിക്ക് മറ്റൊരാഹാരവും



കൊടുക്കണ്ട. പ്രസവിക്കുമ്പോഴെ മുലയിലുള്ള മുലപ്പാലിനെ 'കൊളസ്ട്രോം' എന്നാണ് പറയുക. പിന്നീടുണ്ടാകാവുന്ന രോഗങ്ങളെ നിയന്ത്രിക്കുവാൻ ഈ മുലയൂട്ടലിനു കഴിയുന്നു" രാജി.

"എന്തു പറയാനാ-കഴിഞ്ഞതു കഴിഞ്ഞു, ഡോക്ടറും പറഞ്ഞത് ബേബി ഫുഡിലൂടെയാണ് വയറിളക്കം ഉണ്ടായതെന്നാണ്. മുലപ്പാൽ കൊടുക്കാത്തതിന് വഴക്കും പറഞ്ഞു. രണ്ടുമാസം ശമ്പളം വേണ്ട എന്നാലും സന്തോഷത്തോടെ ജീവിക്കാമല്ലോ". ഓമന.

"അതെങ്ങനെയാ ടിന്നിലടച്ചു ഭദ്രമാക്കി ഐ.എസ്. ഐ. മുദ്രയുമുള്ള ബേബി ഫുഡിൽ നിന്നാണ് അസുഖമുണ്ടായതെന്ന് പറയുന്നത്. വെറുതെ ഇപ്പോൾ ബേബി ഫുഡ് കമ്പനിക്കാരോടുള്ള വിരോധമാ എല്ലാവർക്കും". ലില്ലി.

"അങ്ങനെയല്ല ലില്ലി-നീ അരിശപ്പെടാതെ. ബേബി ഫുഡ് കമ്പനിയുടെയും ടിന്നിന്റെ എണ്ണവും നോക്കിയവളാ ഞാൻ. ഇപ്പോൾ ഡോക്ടർ പറഞ്ഞപ്പോഴാണ് എനിക്കും ഗൗരവം മനസ്സിലായത്. ഓമന തുടർന്നു. പ്രസവിച്ച സമയം മുതൽ നാലു മാസം വരെ ഒരു ആഹാരവും കുട്ടിക്ക് നൽകേണ്ട ആവശ്യമില്ല. നാലു മുതൽ ആറുമാസം വരെ ആവശ്യമെങ്കിൽ മാത്രം ആഹാരം നൽകിയാൾ മതി. മുലക്കുപ്പിയിൽ പാലും ഭക്ഷണ സാധനവും കൊടുക്കരുത്. കൊടുത്താൽ മുലപ്പാൽ കുടിക്കുവാനുള്ള ആഗ്രഹം നഷ്ടപ്പെടും. കൂടാതെ മുലക്കുപ്പി തിളപ്പിക്കാതിരിക്കുക-നിപ്പിൾ വൃത്തിയാക്കാതിരിക്കുക. ബേബി ഫുഡിൽ ചേർക്കുന്ന വെള്ളം കൃത്യമായി തിളപ്പിച്ചതാകാതിരിക്കുക, ആവശ്യത്തിന് വേണ്ടുന്ന പൊടി ഇടാതിരിക്കുക ഇവയെല്ലാം വഴി ഗുണം കുറയുകയും, രോഗം ഉണ്ടാകുകയും ചെയ്യും". ഓമന പറഞ്ഞു.

"ശരിയാ നമ്മളെപ്പോഴും വീട്ടിലുണ്ടാകുന്നില്ലല്ലോ. അപ്പോൾ ജോലിക്കാരോ വീട്ടിലുള്ളവരോ എന്താണ് ചെയ്യുന്നതറിയുന്നില്ല കുട്ടി വലിയ കരച്ചിലാണെങ്കിൽ കുപ്പി തിളപ്പിക്കാതെയും വെള്ളം തിളപ്പിക്കാതെയും പാൽ നൽകിയെന്നിരിക്കും. എന്റെ മോനും കഴിഞ്ഞ വർഷം ഒരു ദിവസം പെട്ടന്നാണ് അസുഖമുണ്ടായത്" ലില്ലി പറഞ്ഞു.

"നമ്മുടെ രാജ്യത്ത് മുലയൂട്ടൽ പ്രോൽസാഹിപ്പിക്കാനും അമ്മയുടെ കടമ, കുഞ്ഞിന്റെ അവകാശം സംരക്ഷിക്കുവാനും 1993-ൽ നിയ

മമുണ്ടായിട്ടുണ്ടെന്ന് ഡോക്ടർ പറഞ്ഞു. പക്ഷെ ഉദ്യോഗസ്ഥരായ നമ്മൾ പോലും ഇതറിഞ്ഞിരുന്നില്ല. ഓഫീസിലിരുന്ന് കൂട്ടുകാരികൾ ബേബി ഫുഡിന്റെ ഗുണഗണം പറയുന്നത് മാത്രമേ ശ്രദ്ധിച്ചുള്ളൂ. അതു മാത്രമല്ല ഡോക്ടർ പറഞ്ഞ വലിയ കാര്യം അമ്മയും കുഞ്ഞും തമ്മിലുള്ള സ്നേഹബന്ധം കൂടുന്നതോടൊപ്പം സാമ്പത്തിക ലാഭവും". ഓമന പറഞ്ഞു.

"അതുശരിയാ, നമ്മൾ വീട്ടിലില്ലാത്തതു കൊണ്ട് എത്ര ടിന്നു പൊടിയാ–കൂടാതെ വെള്ളം ചൂടാക്കാനും പാത്രം തിളപ്പിക്കാനും തീരും സമയവും നഷ്ടം. ഈ നഷ്ടവും കുഞ്ഞിന്റെ ആരോഗ്യവും നമ്മൾ ശ്രദ്ധിച്ചില്ല". രാജി.

"ഡോക്ടർ പറഞ്ഞതു മുലപ്പാലാകുമ്പോൾ, കുഞ്ഞുകരയുമ്പോൾത്തന്നെ പാൽ കൊടുക്കാം. കുപ്പി തിളപ്പിക്കണ്ട–വെള്ളം ചൂടാക്കണ്ട–രോഗം വരുമെന്ന് സംശയിക്കേണ്ട ഒന്നും വേണ്ട. കുഞ്ഞിനെ എടുത്ത് അപ്പോൾ തന്നെ കൊടുക്കാം." ഓമന പറഞ്ഞു.

"നീ എന്താ ഒരു നിയമം ഉണ്ടെന്ന് പറഞ്ഞത്. അതെന്തിനാ?" രാജിക്കു സംശയം.

"ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം കുഞ്ഞു മക്കളുടെ പോഷകാഹാരം സംബന്ധിച്ച നിയമമാണ്. ഈ നിയമത്തിന് 'THE INFANT MILK SUBSTITUTES FEEDING BOTTLES AND INFANT FOODS (REGULATION OF PRODUCTION SUPPLY AND DISTRIBUTION ACT) 1992' എന്നാണ് പറയുന്നത്. ഈ ആക്ട് പ്രകാരം ഇന്ത്യയിൽ അമ്മയുടെയും കുഞ്ഞിന്റെയും പടം വെച്ചു പരസ്യങ്ങളും ബേബി ഫുഡ് വിതരണവും പാടില്ല. നാലു മാസം നിർബന്ധമായും മുലപ്പാൽ തന്നെ കുഞ്ഞിന് കൊടുക്കണം. മുലക്കുപ്പി പരസ്യം പാടില്ല. ഇത് നിഷേധിച്ചാൽ ഉള്ള ശിക്ഷ എന്നിവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഡോക്ടർ എന്നോട് പറയുകയും ഈ പുസ്തകം തരികയും ചെയ്തു." ഓമന പുസ്തകം കൊടുത്തു.

"അയ്യോ ഒരു ജോലിക്കാരി ആയിട്ടുപോലും ഞാനിതൊന്നും അറിഞ്ഞില്ലല്ലോ. എന്റെ മോന് ഞാൻ കൊടുത്തത് ബേബിഫുഡാണല്ലോ. നമുക്ക് നമ്മുടെ ഓഫീസിലെല്ലാവരോടും പറയണം." ലില്ലി.



"എങ്ങനെയുണ്ട് ഓമനെ മോന്. സുഖമായി വരുന്നു. മൂന്നു നാലു ദിവസം കൂടി കിടക്കേണ്ടി വരും. ആരാ ഇവരെല്ലാം". ഡോക്ടർ ശാന്തി.

"ഇവരെന്റെ കൂട്ടുകാരാ. ഓഫീസിൽ നിന്നും വരുകയാ. ഞാൻ ഡോക്ടർ പറഞ്ഞ നിയമത്തെക്കുറിച്ചും, ആറുമാസം വരെ നിർബന്ധമായും മുലപ്പാൽ മറ്റ് ആഹാരം ആവശ്യമുണ്ടെങ്കിൽ നൽകിയാൽ മതിയെന്നും പറയുകയായിരുന്നു. ഇവരൊന്നും ഒരു മാസം പോലും മുലപ്പാൽ കൊടുത്തിട്ടില്ല". ഓമന പറഞ്ഞു.

"നമ്മുടെ സ്ത്രീകളിലുള്ള അറിവില്ലായ്മയാണ് കാരണം. ഞാൻ രണ്ടു പ്രസവിച്ചു. ഞാൻ ലീവെടുത്ത് ആറുമാസവും മോന് മുലപ്പാൽ മാത്രമാണ് കൊടുത്തത്. ആറുമാസം വരെ എന്റെ തോളിൽ കൈകളിൽ എന്റെ പരിചരണത്തിലാണ് വളർന്നത്. രണ്ടാമത്തെ മോൾ സിസേറിയനിലൂടെയാണ് ഉണ്ടായത്. ഓപ്പറേഷനു ശേഷം ഒന്നരമണിക്കൂർ കഴിഞ്ഞ് ഞാൻ മുലപ്പാൽ കൊടുത്തു. എന്റെ വേദനയെല്ലാം അപ്പോഴാണ് മാറിയത്." ഡോക്ടർ ശാന്തി പറഞ്ഞു.

"അയ്യോ ഡോക്ടർ അമ്മയുടെ ശരീരത്തിൽ വെച്ച ഇൻജക്ഷനും മരുന്നും എല്ലാം കുഞ്ഞിനും കിട്ടില്ലേ." ലില്ലിക്ക് സംശയം.

"ഇതൊക്കെ നമ്മുടെ സംശയങ്ങളാണ്. മുലയിൽ നീരും പഴുപ്പും വരുന്നുണ്ടെങ്കിൽ പോലും നിങ്ങൾക്കു മുലപ്പാൽ കൊടുക്കുവാനാവുമെങ്കിൽ കൊടുക്കൂ. ആ സ്നേഹം അനുഭവിച്ച് വേദന മറക്കൂ. മുലപ്പാൽ നൽകുന്നതുകൊണ്ട് ഒരു തകരാറും കുഞ്ഞിന് ഉണ്ടാകുന്നില്ല. മാത്രമല്ല നമ്മുടെ രാജ്യത്തെ കുഞ്ഞുങ്ങളുടെ പോഷകാഹാരമില്ലാത്തതു കൊണ്ടുള്ള മരണം തടയാനും അമ്മയ്ക്കുണ്ടാകുന്ന 'ബ്രെസ്റ്റ് ക്യാൻസർ', 'ഗർഭാശയ രോഗങ്ങൾ' കുറയ്ക്കുവാനും സാധിക്കും. എന്നാൽ ഞാനിറങ്ങട്ടെ. ഇതൊക്കെ പറഞ്ഞു തരേണ്ട കടമ എനിക്കുണ്ടല്ലോ, നന്ദി". ഡോക്ടർ ശാന്തി യാത്രയായി.

"ഓമനേ ഞങ്ങളും ഇറങ്ങട്ടെ. നമുക്ക് ഈ നിയമത്തെക്കുറിച്ചും മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ചും കുപ്പിയിൽ പാൽ നൽകാതിരിക്കാനും കഴിയുന്നത്ര പേരോട് പറയണം."

"ഞാനിനി രണ്ടുമാസം ലീവാ–ചിലപ്പോൾ ഒരു രണ്ടു മാസം കൂടി. മോഹനൻ സമ്മതിച്ചു." ഓമന പറഞ്ഞു.

"ശരിയാ മക്കളെ–നമ്മുടെ മക്കളെ നമ്മൾ സ്നേഹിക്കണം. മുലപ്പാലിലൂടെ നൽകാത്ത സ്നേഹം കാറിലും വീടിലും കൂടി നൽകാനാവില്ല. മക്കൾ അത് സ്വീകരിക്കത്തില്ല." ഓമനയുടെയമ്മ പറഞ്ഞു.

"ശരി ഞങ്ങളിറങ്ങട്ടെ."

✡✡✡✡✡✡

## കൺസ്യൂമർ ന്യൂസ് മാസിക

നിറയെ ഉപഭോക്തൃ വാർത്തകൾ – വിശേഷങ്ങൾ –ലേഖനങ്ങൾ
ഉപഭോക്തൃ ഫോറം വിധികൾ–അനുഭവങ്ങൾ
ഒറ്റപ്രതി–2രൂപ 50 പൈസ (തപാൽ ചാർജ്ജടക്കം)
വാർഷിക വരിസംഖ്യ–30 രൂപ
ഏഴാം വാർഷികം പ്രമാണിച്ച്.
അഞ്ചു വർഷത്തേയ്ക്ക്–100 രൂപ
ഇരുപത് വർഷത്തേയ്ക്ക്–300 രൂപ

## കൺസ്യൂമർ സ്റ്റുഡന്റ്

കുട്ടികൾക്ക് കഥാരൂപത്തിൽ ഉപഭോക്തൃ സംരക്ഷണ നിയമം അറിയുവാനുള്ള ഏക മാസിക. ഒറ്റപ്രതി–രണ്ടുരൂപ
വാർഷിക വരിസംഖ്യ–24രൂപ
ഈ പ്രസിദ്ധീകരണങ്ങൾക്ക് വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

മാനേജർ,
കൺസ്യൂമർ ന്യൂസ്

PH: 0490 - 491475 P. B. NO. 1 എടൂർ 670 704



## വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ്

യുവതീ യുവാക്കൾ അത്യാവശ്യം വായിച്ചിരിക്കേണ്ട പുസ്തകം. വിവാഹ സമ്മാനമായി നൽകാവുന്ന പുസ്തകം.

വില: ഇരുപത് രൂപ

മലയാളത്തിലെ ആദ്യത്തെ അറിവിന്റെ പുസ്തകം

## 'സമ്മാനം'

രണ്ടാം പതിപ്പ് കൂടുതൽ അറിവുകളോടെ

പേജ്: 300 വില: 100 രൂപ.

പ്രീ–പബ്ളിക്കേഷൻ–എൺപതു രൂപ

M.O./D.D അയക്കേണ്ട വിലാസം :
കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്
എടൂർ - 670 704
✆ : 0490-491475

## പ്രത്യേക ശ്രദ്ധക്ക്

IMS Act 1992നെ ധിക്കരിച്ച് കുഞ്ഞുങ്ങളുടെ ഭക്ഷണ സാധനങ്ങളുടെ പരസ്യം, മുലക്കുപ്പികളുടെ പരസ്യം, ആസ്പത്രികളിൽ നിന്നോ, മറ്റുള്ളവരിൽ നിന്നോ ഏതെങ്കിലും തരത്തിൽ പ്രോത്സാഹനം – ഇവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വിവരം അറിയിക്കുമല്ലോ. IMS Act പ്രാവർത്തികമാക്കുവാൻ ഡൽഹിയിലെ Consumer Co-ordination Councilലുമായി സഹകരിച്ച് NOCER-INDIA പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് NOCER-INDIA 670 704 എഴുതുമല്ലോ.

[redacted]